**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1932** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ സ്പോർട്സ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന് വരുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br>1. **ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**<br>ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് 2.45 കോടി രൂപയുടെ ഭരണാനുമതി 05.01.2023-ൽ നൽകുകയും, 2.22 കോടി രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ 06.01.2024 ന് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ലഭ്യമായ ദർഘാസുകളിൽ യോഗ്യരായ കരാറുകാരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. വർക്കിച്ചൻ റ്റി. എന്ന കരാറുകാരനുമായി 1,96,28,046/- രൂപയ്ക്ക് 31.05.2024 ന് കരാറിൽ ഏർപ്പെടുകയും ചെയ്തു. തുടർന്ന് പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഹരിപ്പാട് ബോയിസ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളും കായിക യുവജന കാര്യാലയം ഡയറക്ടറുമായി 01.08.2024 ന് ധാരണപത്രത്തിൽ ഏർപ്പെടുകയും 02.08.2024 ന് കരാറുകാരന് സൈറ്റ് കൈമാറി നൽകുകയും ചെയ്തു. ഈ പദ്ധതിയ്ക്കായി വിഭാവനം ചെയ്തിരുന്നത് 21 മീറ്റർ വീതിയുള്ള ഇൻഡോർ കോർട്ടായിരുന്നു. എന്നാൽ ഇൻഡോർ കോർട്ടിന് മറുവശത്ത് എൽ.എസ് ജി ഡി പുതിയതായി ഒരു ബിൽഡിംഗ് കൂടി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും ആയത് കൂടി കണക്കിലെടുക്കുമ്പോൾ ഇൻഡോർ കോർട്ടിന് നിശ്ചയിച്ചിരുന്ന 21 മീറ്റർ വീതിയിൽ ചെയ്യുന്നതിന് കഴിയുകയില്ലായെന്നും 19.30 മീ. വീതി മാത്രമേ സ്റ്റേഡിയത്തിനു ലഭിക്കുകയുള്ളൂ എന്ന വിവരം എം.എൽ.എ.-യെ ധരിപ്പിക്കുകയും, ഇതുസംബന്ധിച്ച് |

28.11.2024 ൽ എം.എൽ. എ. യുമായി മീറ്റിംഗ് നടത്തുകയും പ്രസ്തുത മീറ്റിംഗിൽ ഇൻഡോർ കോർട്ടിന്റെ വീതി 21 മീറ്ററിൽ നിന്നും 19.30 മീറ്റർ ആയി നിജപ്പെടുത്താനും ടി മീറ്റിംഗിൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ഡിസൈൻ പുതുക്കി പ്രീ എഞ്ചിനീയറിംഗ് ബിൽഡിംഗിന്റെ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കി, വെറ്റിംഗ് ചെയ്തു നൽകാൻ കരാറുകാരന് നിർദ്ദേശം നൽകുകയും ചെയ്തു. ആയതിൻപ്രകാരം കരാറുകാരൻ വെറ്റിംഗ് ഡ്രോയിംഗ് 25.02.2025 ൽ സമർപ്പിക്കുകയും ചെയ്തു.

കൂടാതെ സൈറ്റിൽ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുവാൻ പ്രിൻസിപ്പാളിനോട് അഭ്യർത്ഥിക്കുകയും, ആയത് പ്രകാരം 2025 ജനുവരി 23-ാം തീയതി മരം മുറിയ്ക്കുന്നതിനുള്ള അനുമതി ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമാക്കി 29.01.2025 ന് പ്രസ്തുത മരങ്ങൾ മുറിയ്ക്കുകയും ചെയ്തു.

എന്നാൽ സൈറ്റിന്റെ അടുത്ത് സ്കൂൾ ബിൽഡിംഗിന്റെ ഫൗണ്ടേഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട മണ്ണ് പ്രസ്തുത ഗ്രൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. ആയത് മാറ്റിയതിനുശേഷമാണ് കരാറുകാരൻ 15.05.2025 ൽ പ്രവൃത്തി പുനരാരംഭിച്ചത്. നിലവിൽ 77% പ്രവൃത്തി പൂർത്തീകരിച്ചു. ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്ലിന്ത് ലെവൽ വരെ പൂർത്തിയായിട്ടുണ്ട്. സ്റ്റീൽ സ്ട്രക്ചറിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. റൂഫ് ഷീറ്റിന്റെ ഇൻസ്റ്റലേഷനും, ഇൻഡോർ ഫ്ളോറിന്റെ നിർമ്മാണവും പുരോഗമിക്കുന്നു. 01.04.2026-ൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. **ഹരിപ്പാട് ബോയ്സ് ഹയർ സെക്കൻററി സ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണം**

ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്കായി 2.55 കോടി രൂപയുടെ ഭരണാനുമതി 11.03.2022 ന് ലഭിക്കുകയും 20.05.2022 ൽ 2.40 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നല്കി 23.05.2022, 08.06.2022, 28.06.2022 എന്നീ തീയതികളിൽ ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരും ടെൻണ്ടറുകളിൽ പങ്കെടുത്തിരുന്നില്ല. തുടർന്ന് 18.07.2022 ന് പുനർദർഘാസ് ക്ഷണിക്കുകയും 29.07.2022 ന് ടെൻഡർ ഓപ്പൺ ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s ദേവിക കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി 21.11.2022 തീയതിയിൽ 2.24

കോടി രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. 30.11.2022 ന് കരാറുകാരന് സൈറ്റ് കൈമാറി നല്കുകയും ചെയ്തിരുന്നു.

പ്രസ്തുത പ്രവൃത്തിയുടെ പ്രധാന ഘടകങ്ങളായ ഗ്രൗണ്ട് ഡെവലപ്പ്മെന്റ്, ഗ്യാലറി മുതലായ പ്രവൃത്തികൾ ആരംഭിക്കാതെ അനുബന്ധ ഘടകങ്ങളായ ടോയ്‌ലറ്റ് ബ്ളോക്ക്, അതിന്റെ പ്ലാസ്റ്ററിംഗ്, പടിഞ്ഞാറ് വശത്തുള്ള ചുറ്റുമതിലിന്റെ പ്രവൃത്തി എന്നിവയുൾപ്പടെ 7% മാത്രമാണ് കരാറുകാരൻ ഇതിനകം പൂർത്തീകരിച്ചിട്ടുള്ളത്. പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് വേണ്ടി 17,67,336/- രൂപയുടെ (ജി. എസ്.റ്റി ഉൾപ്പടെ) പാർട്ട് ബിൽ സമർപ്പിച്ചിരുന്നു. ആയത് അംഗീകരിച്ച് 15.10.2023 തീയതിയിൽ ബിൽ തുക കരാറുകാരന് അനുവദിക്കുന്നതിലേക്കായി ബില്ല് സമർപ്പിച്ചിരുന്നു.

മേൽ പരാമർശിച്ച ബിൽ തുക ബി.ഡി. എസ്. ഫെസിലിറ്റി മുഖേന അനുവദിക്കണമെന്ന് കരാറുകാൻ അപേക്ഷിക്കുകയും, ആയത് പാസ്സാക്കി നല്കുകയും, ഫോറം I,II ജനറേറ്റ് ചെയ്ത് ബാങ്കിൽ നിന്ന് അംഗീകാരം ലഭ്യമാക്കാനായി കരാറുകാരന് നല്കിയിരുന്നു. എന്നാൽ ഇത് കരാറുകാരൻ സമർപ്പിക്കാത്തതിനാൽ തുക മാറി നൽകാൻ സാധിച്ചിട്ടില്ല.

പൂർത്തീകരിച്ച ഘടകങ്ങളുടെ പേയ്മെന്റ് നൽകണമെന്നും ടി പ്രവൃത്തിയിൽ നിന്ന് വിടുതൽ ചെയ്യണമെന്നും ആവശ്യപ്പെട്ട് 05.02.2024 തീയതിയിൽ കരാറുകാരൻ WP(C)5155/2024 നമ്പർ കേസ് ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാറുകാരനുമായി ഹിയറിംഗ് നടത്തുവാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം 16.04.2024 ന് ഹിയറിംഗ് നടത്തുകയും, കരാറുകാരന്റെ പരാതികൾ കേൾക്കുകയും, പ്രവൃത്തി ആരംഭിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. ഹിയറിംഗിൽ കരാറുകാരന് ടി പ്രവൃത്തി തുടരാൻ താല്പര്യമില്ല എന്നും പൂർത്തീകരിച്ച പ്രവൃത്തിയുടെ പേയ്മെന്റ് ലഭ്യമാക്കണമെന്നും അപേക്ഷിച്ചിരുന്നു.

എന്നാൽ 18/05/2023 തീയതിയിൽ നിർത്തലാക്കിയ പ്രവൃത്തി പുനരാരംഭിക്കാൻ പലതവണ കരാറുകാരനോട് നിർദ്ദേശിച്ചിട്ടും ആരംഭിക്കാത്ത സാഹചര്യത്തിൽ 27/09/2024 ൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്തു. തുടർന്ന് കരാറുകാരൻ പൂർത്തീകരിച്ച പ്രവൃത്തിയുടെ പേയ്മെന്റ്

| | | | |
|---|---|---|---|
| | | | ലഭ്യമാക്കണമെന്നും Risk & Cost നിന്ന് ഒഴിവാക്കുവാനും വേണ്ടി കരാറുകാരൻ WP(C)35305/2024 നമ്പർ പ്രകാരം ഹൈക്കോടതിയിൽ വീണ്ടും കേസ് ഫയൽ ചെയ്തു. എന്നാൽ Risk & Cost ഹൈക്കോടതിയുടെ തീരുമാനപ്രകാരം മാത്രമായിരിക്കുമെന്നും, ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തി റീ-അറേഞ്ച് ചെയ്യാനും ഉത്തരവായിരുന്നു. ശേഷിക്കുന്ന പ്രവൃത്തിക്ക് 16.06.2025 ൽ ടെൻഡർ ക്ഷണിക്കുകയും 20.12.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. 29.12.2025 ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്യുകയും ചെയ്തു. ഗ്രൗണ്ട് ഡെവലപ്മെന്റ് വർക്കുകൾ, ചുറ്റുമതിൽ നാച്ചുറൽ ഫുട്ബോൾ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ടോയ്‌ലറ്റ് ബ്ലോക്ക് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് നിലവിൽ 7% പൂർത്തികരിച്ചു. സൈറ്റ് ക്ലിയറൻസ് പൂർത്തിയാക്കുകയും, ഇനിഷ്യൽ ലെവൽ എടുത്ത് സി. റ്റി. ഇ. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. കൂടാതെ നിലവിൽ ഗ്രൗണ്ടിന്റെ കിഴക്കുഭാഗത്തുള്ള അതിർത്തികൾ അളക്കുന്നതിനായി മുനിസിപ്പാലിറ്റിക്ക് 29.12.2025 ൽ കത്ത് നല്കിയിട്ടുണ്ട്. സ്കൂൾ അധികൃതർ മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് അതിർത്തി നിർണ്ണയിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പള്ളിപ്പാട് നടുവട്ടം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ നെറ്റ്ബോൾ കോർട്ട് സ്ഥാപിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; നിലവിൽ പ്രസ്തുത പ്രൊപ്പോസൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന വിവരം അറിയിക്കാമോ? | (ബി) | പള്ളിപ്പാട് നടുവട്ടം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ നെറ്റ്ബോൾ കോർട്ട് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കായിക യുവജനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ